# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2132** 18.03.2015 ൽ മറുപടിക്ക്

### റയിൽവേ അടിസ്ഥാന വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>,, ബാബു എം. പാലിശ്ശേരി :<br>,, എം. ഹംസ :<br>,, പുരുഷൻ കടലുണ്ടി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | നൂതനമായ അടിസ്ഥാന വികസനം റെയിൽവേ മേഖലയിൽ നടത്തേണ്ടതിനെ കുറിച്ചുള്ള എന്തെങ്കിലും ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സബർബൻ റയിൽവേ നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും **MEMU/ EMU** റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് 01.01.2013 - ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതു മേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഓട്ടോമാറ്റിക് സിഗ്നൽ സംവിധാനമടക്കം സംസ്ഥാനത്ത് സ്ഥാപിതമായിട്ടില്ലാത്തത് സുഗമമായ യാത്രാ സൗകര്യം | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| | ഒരുക്കുന്നതിന് വിഘാതമാകുന്നത് വിലയിരുത്തിയിട്ടുണ്ടോ; | | |
| (സി) | മറ്റ് സംസ്ഥാനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളിൽ വൻ പുരോഗതിയുണ്ടാകുമ്പോഴും സംസ്ഥാനത്ത് ഈ രംഗത്തെ അവഗണന തുടരുന്നത് സംസ്ഥാനത്തിന്റെ അലംഭാവം കൊണ്ടുകൂടിയാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അലംഭാവം ഒന്നും കാണിക്കുന്നില്ല. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്. |

Sajani

സെക്ഷൻ ഓഫീസർ